## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.658 — 05.06.2018-ലെ മറുപടിയ്ക്ക്

### പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.വി.അൻവർ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം എന്ന പദ്ധതിയിലേക്ക് പുതുതായി ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കാമോയെന്ന് വ്യക്തമാക്കുമോ; | (എ), (ബി) & (സി) | 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ 'എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം' പദ്ധതിയുടെ തുടക്കമെന്ന നിലയിൽ 25 സ്റ്റേഡിയങ്ങൾ പ്രത്യേക നിക്ഷേപപദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. 2016-17-ലെ ബജറ്റ് മറുപടി പ്രസംഗത്തിൽ 6 സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ 10 സ്റ്റേഡിയങ്ങളുടെ നിർമ്മാണവും കൂടി ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത പ്രവർത്തികളുടെ നിർമ്മാണം പൂർത്തിയായതിനു ശേഷമേ പുതിയ പദ്ധതികൾ പരിഗണിയ്ക്കുമെന്ന് 2018-19-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതിനാൽ നിലവിൽ പുതിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | പദ്ധതിയിലേക്ക് മൈതാനങ്ങൾ നിർദ്ദേശിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | | |
| (സി) | ഈ പദ്ധതി നിർത്തിവെച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; നിർത്തിവെച്ചിട്ടുണ്ടെങ്കിൽ പുനരാരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ